LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിൽ ജില്ലകളിൽനിന്നും ലഭിക്കുന്ന പദ്ധതികൾ വ്യവസായ വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്നു.

(സി) കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ വർഷംതോറും നടത്തിവന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ?

കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വർഷംതോറും നടത്തിവരുന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും തുടർന്ന് നടത്താൻ ഈ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ഹോർട്ടികോർപ്പ് സംഭരിച്ച ഉല്പന്നങ്ങളുടെ വില

80 (1065) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് ഹോർട്ടികോർപ്പ് മുഖേന കർഷകരിൽനിന്നും സംഭരിച്ച കാർഷികോത്പന്നങ്ങളുടെ വില ദീർഘകാലമായി കുടിശ്ശികയായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ കുടിശ്ശിക തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വിപണി ഇടപെടൽ പദ്ധതിപ്രകാരം ഹോർട്ടികോർപ്പിന് അടിയന്തര സഹായമായി 3.50 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ടി തുകയിൽനിന്നും കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കർഷകർക്ക് താഴ്ന്ന പലിശയ്ക്ക് വായ്പ

81(1066) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കേരള ബാങ്ക് മുഖേന താഴ്ന്ന പലിശയ്ക്ക് കാർഷിക വായ്പ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കേരള ബാങ്ക് മുഖേന 6% പലിശ നിരക്കിൽ കർഷകർക്ക് വായ്പ നൽകിവരുന്നു. കേരള ബാങ്ക് നിലവിൽ വന്നപ്പോൾ ഉണ്ടായ പ്രഖ്യാപനത്തിന്റെ ഭാഗമായി 7% നിരക്കിൽ നൽകിവന്നിരുന്ന വായ്പയാണ് 1% പലിശ കുറവ് ചെയ്ത് 6% നിരക്കിൽ നൽകിവരുന്നത്.

(ബി) താഴ്ന്ന പലിശയ്ക്ക് കാർഷിക വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

സ്വന്തമായി കൃഷി ഭൂമിയുള്ളവർക്കും പാട്ടകൃഷി ഭൂമിയിൽ കൃഷി ചെയ്യുവരുന്നവർക്കും State Level Technical Committee (SLTC) നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസ് അനുസരിച്ച് കൃഷി ഭൂമിയുള്ള എല്ലാ കർഷകർക്കും വായ്പ ലഭ്യമാണ്. കൂടാതെ കാർഷിക വായ്പകൾക്ക് 3% പലിശ സബ്സിഡിയും ലഭ്യമാണ്.

(സി) പ്രസ്തുത വായ്പയ്ക്ക് കർഷകർ നൽകേണ്ട പലിശ എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% Prompt Repayment Incentive (PRI) കഴിച്ച് 3% നിരക്കിൽ നിലവിൽ വായ്പ ലഭ്യമാകുന്നു. കൂടാതെ കേരള ബാങ്കിന്റെ ശാഖകൾ മുഖേന നേരിട്ട് കർഷകർക്ക് കിസാൻ മിത്ര എന്ന പേരിൽ 4% നിരക്കിലും കാർഷിക വായ്പ നൽകിവരുന്നു.

കർഷകർക്ക് സഹായം

82 (1067) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം കർഷകർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

ഈ സാഹചര്യം 132-ാമത് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഉന്നയിക്കുകയും അതിന്റെ ഫലമായി കോവിഡ് ഒന്നാംഘട്ടത്തിന്റെ ലോക്ഡൗൺ പ്രഖ്യാപനത്തെ തുടർന്ന് 2020 മാർച്ച് 1-നും 2020 മേയ് 31-നുമിടയിൽ പുതുക്കേണ്ട ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പകൾ ഉൾപ്പെടെയുള്ള